"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കുഴൽമന്ദം എ എൽ പി സ്കൂളിലെ എൽ.പി.എസ്സ്.ടി. ശ്രീമതി. ഇൻസില ഐ. യുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജറുടെ പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസം (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.718/2026/GEDN** തീയതി,തിരുവനന്തപുരം, 24-01-2026

---

പരാമർശം:-

1. സ. ഉ (കൈ) നം. 54/2024/പൊവിവ തീയതി 01/06/2024.
2. പാലക്കാട് കീഴത്തൂർ എ.എൽ.പി. സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 07/03/2025 തീയതിയിലെ പുന:പരിശോധന ഹർജി.
3. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 14/05/2025 തീയതിയിലെ DGE/8895/2025-G1 നമ്പർ കത്ത്.
4. കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/05/2025 തീയതിയിലെ AEOCYL/271/2025-C നമ്പർ കത്ത്.
5. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/07/2025 തീയതിയിലെ DEOPKD/690/2025-B3 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് കീഴത്തൂർ എ. എൽ. പി. സ്കൂളിൽ ശ്രീമതി. ഇൻസില ഐ.യുടെ എൽ.പി.എസ്.ടി. നിയമനാംഗീകാരം നിരസിച്ചതിനെതിരെ സ്കൂൾ മാനേജർ പരാമർശം (2) പുന:പരിശോധന ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു. അപ്രകാരം സ്കൂൾ മാനേജർ, കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ പ്രതിനിധികളുമായി 06/10/2025 ൽ ഗൂഗിൾ മീറ്റ് മുഖേന കൂടിക്കാഴ്ച നടത്തുകയുണ്ടായി.

**2. സ്കൂൾ മാനേജറുടെ റിവിഷൻ ഹർജിയിലെ വാദങ്ങൾ ഇപ്രകാരമായിരുന്നു:**

കീഴത്തൂർ എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. കൃഷ്ണവേണി പി. എം., 01/06/2023 മുതൽ 30/06/2023 വരെ റിട്ടയർമെന്റിനോടനുബന്ധിച്ച് കെ ഇ ആർ അധ്യായം XIV (A) ചട്ടം 63 പ്രകാരവും, കെ എസ് ആർ പാർട്ട് 1 ചട്ടം 60 സി പ്രകാരവും സ്പെഷ്യൽ ലീവും തുടർന്ന് സേവനത്തിൽ നിന്നും വിരമിക്കുന്നതുമായ സാഹചര്യത്തിൽ ഉണ്ടായ വ്യവസ്ഥാപിത ഒഴിവിൽ 01/06/2023 മുതൽ ശ്രീമതി. ഇൻസില ഐ.യെ എൽ.പി.എസ്.ടി. ആയി നിയമിച്ച് അംഗീകാരത്തിനായി കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പ്രൊപ്പോസൽ സമർപ്പിച്ചതായിരുന്നു.

കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 22/11/2023ലെ സി/46727/2023 ഉത്തരവു പ്രകാരം നിയമനം നിരസിച്ചിട്ടുള്ളത് ചുവടെ ചേർത്തിരിക്കുന്ന കാരണങ്ങളാലാണ്.

(1) കീഴത്തൂർ എ.എൽ.പി. സ്കൂൾ നൂലി ഓപ്പൺഡ് സ്കൂൾ ആയതിനാൽ ടി സ്കൂളിൽ വരുന്ന ഏതു തരത്തിലുള്ള ഒഴിവായാലും ആയത് 1:1 അടിസ്ഥാനത്തിൽ സംരക്ഷിത അധ്യാപകർക്ക് നൽകേണ്ടതാണ്.

(2) 06/02/2021ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സത്യപ്രസ്താവന നൽകി 3 അധ്യാപകരുടെ നിയമനം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർന്നുണ്ടാകുന്ന ഒഴിവുകൾ സംരക്ഷിത അധ്യാപക നിയമനത്തിന് മാറ്റിവയ്ക്കേണ്ടതുണ്ട്.

(3) കെ-ടെറ്റ് സർട്ടിഫിക്കറ്റ് ജുനൈദ് എച്ച്. ന്റെതാണ് സമർപ്പിച്ചിരിക്കുന്നത്. നിയമന ഉത്തരവിൽ ഏതു തീയതി മുതലുള്ള ഏത് തരത്തിലുള്ള വേക്കൻസി ആണെന്ന് വ്യക്തമല്ല.

(4) ലീവ് സാങ്ഷൻ ഓർഡർ ലഭ്യമല്ല.

5) 23/01/2023-ലെ G.O(P) No 2/2023/G.Ed ഖണ്ഡിക(3) വ്യവസ്ഥ മാനേജർ പാലിച്ചിട്ടില്ല.

കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിയമനം നിരസിച്ച ഉത്തരവിനെതിരെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചത് നിരസിച്ചതായിരുന്നു. അപ്പീൽ നിരസിച്ച ഉത്തരവിൽ കെ.ഇ.ആർ അധ്യായം XXI ചട്ടം 7(3) പ്രകാരം നൂലി ഓപ്പൺഡ് സ്കൂളിൽ ഒരു റെഗുലർ തസ്തിക സംരക്ഷിത അധ്യാപക നിയമനത്തിനായി മാറ്റിവയ്ക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സൂചിപ്പിച്ച മറ്റു കാരണങ്ങൾ അതേ പടി നിലനിൽക്കുന്നതായി സൂചിപ്പിച്ചിട്ടുള്ളതാണ്. അപ്പീൽ നിരസിച്ച ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ പുനഃപരിശോധന ഹർജി നിരസിക്കുകയും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ച ഉത്തരവിൽ വിദ്യാഭ്യാസ ഓഫീസർ കണ്ടെത്തിയ കാരണങ്ങൾ അത്രയും നിലനിൽക്കുന്നതായി വ്യക്തമാക്കിയിട്ടുള്ളതുമാണ്.

ഈ വിദ്യാലയത്തിന് 2024-25 അധ്യയന വർഷം എഫക്ടീവ് സ്ട്രെങ്ത്തിന്റെയും അക്കോമഡേഷന്റെയും അടിസ്ഥാനത്തിൽ ഒരു എൽ.പി.എസ്.ടി. തസ്തിക അനുവദിക്കാവുന്നത് കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചു നൽകിയിട്ടില്ല. തസ്തിക നിർണയ ഉത്തരവിനെതിരെ പാലക്കാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് അപ്പീൽ നൽകിയിട്ടുള്ളതാണ്. അപ്പീൽ അനുവദിക്കുന്ന മുറക്ക് ഈ വിദ്യാലയത്തിലെ വ്യവസ്ഥാപിത ഒഴിവിൽ നിയമിതനായ ശ്രീ ജുനൈദ് എച്ച് നെ പ്രസ്തുത തസ്തികയിലേക്ക് മാറ്റി നിയമിച്ച് പ്രമോഷൻ തസ്തിക സംരക്ഷിത അധ്യാപക നിയമനത്തിനായി വിട്ടു നൽകുന്നതാണ്.

06/02/2021 ലെ സർക്കാർ ഉത്തരവ് 4/2021 പ്രകാരം മാനേജർ സമർപ്പിച്ച സത്യവാങ്മൂലം ബഹു. സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും 1:1 പ്രകാരമുള്ള നിയമനത്തിന്റെ കേസുകളുടെ അന്തിമ വിധിക്ക് അനുസരിച്ച് സംരക്ഷിത അധ്യാപക നിയമനം നടത്താം എന്നതാണ്. നാളിതു വരെ ഇത്തരത്തിലൊരു വിധി ഉണ്ടായിട്ടില്ല. ഈ വിധത്തിൽ 2021-നു ശേഷം ഉണ്ടാകുന്ന ഒഴിവുകൾ സംരക്ഷിത അധ്യാപക നിയമനത്തിന് മാറ്റി വയ്ക്കണമെന്ന്

തടസ്സവാദം നിലനിൽക്കുന്നതല്ല. പ്രൊപ്പോസലിൽ സൂചിപ്പിച്ച ശ്രീമതി. ഇൻസില ഐ. യുടെ കെ-ടെറ്റ് സർട്ടിഫിക്കറ്റ്, ശ്രീമതി. കൃഷ്ണവേണിയുടെ ലീവ് സാങ്ഷൻ ഉത്തരവ്, നിയമന കാലയളവ് വ്യക്തമാക്കുന്ന കുറിപ്പ്, നിയമന ഉത്തരവും സമന്വയയിൽ ജനറൽ ഡോക്യുമെന്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

മുകളിൽ വ്യക്തമാക്കിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ മാനേജർ വ്യക്തമാക്കിയ പ്രകാരം സംരക്ഷിത അധ്യാപക നിയമനത്തിനായി വ്യവസ്ഥാപിത ഒഴിവ് വിട്ടു നൽകുന്ന മുറയ്ക്ക് ശ്രീമതി. ഇൻസില ഐ. യുടെ നിയമനം അപ്രൂവൽ അനുവദിക്കുന്നതിന് ഉത്തരവിനായി അപേക്ഷിക്കുന്നു.

**3. വിദ്യാഭ്യാസ ഓഫീസർമാരുടെ സമാനമായ വാദങ്ങൾ ഇപ്രകാരമാണ്**:

കീഴത്തൂർ എ.എൽ.പി. സ്കൂൾ നൂലി ഓപ്പൺഡ് വിഭാഗത്തിൽപ്പെട്ടതാണ്. ഇത്തരം സ്കൂളിൽ കെ.ഇ.ആർ അദ്ധ്യായം XXI റൂൾ 7(3)A പ്രകാരം ഒരു റഗുലർ തസ്തികയിൽ സംരക്ഷിത അദ്ധ്യാപകനെ നിയമിക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു നിയമനം മാനേജർ ഈ സ്കൂളിൽ നടത്തിയിട്ടില്ല. കൂടാതെ സർക്കാർ ഉത്തരവ് നം. 4/2021/പൊ.വി.വ തീയതി 06/02/2021 പ്രകാരം മാനേജർ സത്യപ്രസ്താവന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2019-20 വരെയുള്ള നിയമനങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ഡിക്ലറേഷൻ സമർപ്പിച്ച സ്കൂളുകളിൽ സർക്കാർ ഉത്തരവ് നമ്പർ 2/2023/പൊ.വി.വ തീയതി 23/01/2023 പ്രകാരം 2019-20നു ശേഷം ഉണ്ടാകുന്ന ആദ്യ ഒഴിവിൽ തന്നെ സംരക്ഷിത അദ്ധ്യാപകനെ നിയമിക്കേണ്ടതാണ്. ഡിക്ലറേഷൻ വ്യവസ്ഥകൾ പാലിക്കാതെയാണ് ഈ നിയമനം മാനേജർ നടത്തിയിരിക്കുന്നത് എന്നും വിദ്യാഭ്യാസ ഓഫീസർമാർ വ്യക്തമാക്കുകയുണ്ടായി. ഹിയറിംഗിനോടനുബന്ധിച്ച് കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കീഴത്തൂർ എ.എൽ.പി.എസ് സ്കൂൾ നൂലി ഓപ്പൺഡ് സ്കൂൾ ആയതിനാൽ ടി സ്കൂളിൽ വരുന്ന ഏത് തരത്തിലുള്ള ഒഴിവായാലും ആയത് 1:1 അടിസ്ഥാനത്തിൽ സംരക്ഷിതാദ്ധ്യാപകർക്ക് നൽകേണ്ടതാണ് എന്നിരിക്കെ 06/02/2021 തീയതിയിലെ 04/2021 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭാവിയിലുണ്ടാകുന്ന വ്യവസ്ഥാപിതമായ ഒഴിവ് സംരക്ഷിതാദ്ധ്യാപകർക്ക് നൽകാമെന്ന മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ജസ്ന എ., സൂര്യ എസ്., മുഹമ്മദ് ജസീം എച്ച്. എന്നീ 3 അദ്ധ്യാപകർക്ക് നിയമനം നൽകി ഉത്തരവായിരുന്നു. ആയതിനാൽ ഇപ്പോൾ നിലവിലുള്ള ടി ഒഴിവ് സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റി വയ്ക്കേണ്ടതാണ്. കൂടാതെ നിയമനം നിരസിക്കുന്നതിനുള്ള കാരണങ്ങൾ നിലവിലും നിലനിൽക്കുന്നുവെന്നും 23/01/2023-ലെ G.O.(Ms) 2/23/Gedn ഉത്തരവിലെ പാര III വ്യവസ്ഥ പാലിച്ചിട്ടില്ല എന്നും വ്യക്തമാക്കുകയുണ്ടായി. നൂലി ഓപ്പൺഡ് കാറ്റഗറിയിൽപ്പെട്ട കീഴത്തൂർ എ.എൽ.പി.എസ്. ൽ വിദ്യാഭ്യാസ ഓഫീസർ തലത്തിൽ അപ്പീൽ നിരസിക്കാനിടയായ ന്യൂനതകൾ ഇപ്പോഴും നിലനിൽക്കുന്നതിനാൽ ശ്രീമതി. ഇൻസിലയുടെ 01/06/2023 മുതലുള്ള എൽ.പി.എസ്.ടി. തസ്തികയിലെ നിയമനം പരിഗണനാർഹമല്ല.

**4.** സർക്കാർ ഇക്കാര്യം വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട്, ഹിയറിങ്ങിൽ പങ്കെടുത്തിരുന്നവരുടെ വാദം, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 22/05/1979-നു ശേഷം ആരംഭിച്ചതോ അപ്ഗ്രേഡ് ചെയ്തതോ ആയ സ്കൂളിൽ ഒരു സംരക്ഷിത അധ്യാപകനെയെങ്കിലും നിയമിക്കേണ്ടതാണെന്നു

01/02/2006-ലെ G.O.(P) No. 46/2006/പൊ.വി.വ. പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ അത്തരത്തിൽ ഒരു സംരക്ഷിതാധ്യാപകൻ സ്കൂളിൽ ഇല്ലായെങ്കിൽ വിരമിക്കൽ, രാജി തുടങ്ങിയ വ്യവസ്ഥാപിത ഒഴിവിലായിരിക്കണം ചട്ടപ്രകാരമുള്ള സംരക്ഷിദ്ധ്യാപകനെ നിയമിക്കേണ്ടതെന്നു 08/03/2019-ലെ സർക്കുലർ J2/57/2019/G.Ed നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിരിക്കുന്നു. 22/05/1979 മുതൽ 28/01/2016 വരെയുള്ള കാലയളവിൽ പുതുതായി തുടങ്ങിയതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ ഒരു തസ്തിക ഭാവിയിൽ സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിനായി മാറ്റിവയ്ക്കുമെന്നു മാനേജർ സത്യപ്രസ്താവന നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത സ്കൂളിൽ 2019-20 നു ശേഷം ആദ്യമുണ്ടാകുന്ന ഒഴിവിൽത്തന്നെ അദ്ധ്യായം XXI റൂൾ 7(3)(a) പ്രകാരം സംരക്ഷിതാധ്യാപകനെ നിയമിക്കേണ്ടതാണെന്നു 23/01/23-ലെ G.O. (P) No. 02/23/പൊ.വി.വ. പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. തത്തുല്യ എണ്ണം സംരക്ഷിതാധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ ബഹു സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസുകളുടെ വിധിക്കു വിധേയമായി നടപ്പിലാക്കിയാൽ മതിയെന്ന നിബന്ധന 2006-07 മുതൽ 2009-10 വരെ മാനേജർമാർ അധിക ഡിവിഷൻ ഒഴിവുകളിൽ നടത്തിയിരുന്ന നിയമനങ്ങൾ സംബന്ധിച്ചാണ് എന്നതിനാൽ സുപ്രീം കോടതിവിധിക്കു വിധേയമായി മാത്രം സംരക്ഷിത അധ്യാപകരെ നിയമിച്ചാൽ മതിയാകുന്നതാണെന്ന ഹർജിയിലെ പരാമർശം നിലനിൽക്കുന്നതല്ല. സംരക്ഷിതാധ്യാപക നിയമനം സംബന്ധിച്ച സർക്കാർ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കീഴത്തൂർ എ.എൽ.പി സ്കൂളിൽ മാനേജർ സംരക്ഷിതാധ്യാപക നിയമനം നടത്തിയിട്ടില്ല എന്നത് വ്യക്തമാണ്.

5 . മേൽ സാഹചര്യത്തിൽ, കീഴത്തൂർ എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. കൃഷ്ണവേണി അവധിയിൽ പ്രവേശിച്ച ഒഴിവിൽ 01/06/2023 മുതൽ എൽ.പി.എസ്.ടി തസ്തികയിൽ സ്കൂൾ മാനേജർ നടത്തിയ ശ്രീമതി. ഇൻസില ഐ.യുടെ നിയമനം പരിഗണനാർഹമല്ലാത്തതിനാൽ പരാമർശം (2) റിവിഷൻ ഹർജി നിരസിച്ചുകൊണ്ടു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്ദം, പാലക്കാട്.
മാനേജർ, എ.എൽ.പി. സ്കൂൾ, കീഴത്തൂർ, പാലക്കാട്.
ശ്രീമതി. ഇൻസില ഐ., എൽ.പി.എസ്.ടി., എ.എൽ.പി. സ്കൂൾ, കീഴത്തൂർ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 24-01-2026 18:07:56

സെക്ഷൻ ഓഫീസർ